# India – Nigeria Strategic and Counter-Terrorism Dialogue

March 05, 2021

---

# ഇന്ത്യ - നൈജീരിയ തന്ത്രപരവും തീവ്രവാദ വിരുദ്ധവുമായ സംഭാഷണം

മാർച്ച് 05, 2021

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ അജിത് കെ. ഡോവൽ കെസിയുടെ ക്ഷണപ്രകാരം, നൈജീരിയയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മേജർ ജനറൽ (റിട്ട.)ബാബഗാന മോങ്കുനോ 2021 മാർച്ച് 4 മുതൽ 5 വരെ എൻ.എസ്.എ തലത്തിൽ ഇന്ത്യയും നൈജീരിയയും തമ്മിലുള്ള ആദ്യത്തെ തന്ത്രപ്രധാനവും തീവ്രവാദ വിരുദ്ധവുമായ സംഭാഷണത്തിനായി ന്യൂഡൽഹി സന്ദർശിച്ചു.

ഇന്ത്യയും നൈജീരിയയും തമ്മിലുള്ള അടുത്തതും തന്ത്രപരവുമായ പങ്കാളിത്തത്തിന്റെ ചട്ടക്കൂടിനുള്ളിൽ, ഭീകരവാദം, തീവ്രവാദം, സൈബർസ്പേസ് ഉൾപ്പെടെയുള്ള സമൂലവൽക്കരണം, അന്താരാഷ്ട്ര കുറ്റകൃത്യങ്ങൾ,ആയുധ, മയക്കുമരുന്ന് കള്ളക്കടത്തും കടൽക്കൊള്ളയും, എന്നിവയിൽ നിന്ന് ജനാധിപത്യ സമൂഹങ്ങൾ നേരിടുന്ന ഭീഷണികളെയും വെല്ലുവിളികളെയും കുറിച്ച് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കൾ ആഴത്തിൽ ചർച്ച നടത്തി.

എല്ലാ വിധത്തിലുള്ള ഭീകരതക്കും എതിരായ പോരാട്ടം വർധിപ്പിക്കുന്നതിനായി സഹരിക്കേണ്ടുന്ന പ്രത്യേക മേഖലകൾ ഇരുപക്ഷവും തിരിച്ചറിഞ്ഞു. ഏതെങ്കിലും തരത്തിലോ രൂപത്തിലോ തീവ്രവാദത്തിന് ന്യായീകരണമുണ്ടാകില്ലെന്ന ഉറച്ച വിശ്വാസത്തെ ഊട്ടിയുറപ്പിച്ചു. അന്താരാഷ്ട്ര രംഗത്ത് അവരുടെ സഹകരണം വർദ്ധിപ്പിക്കാനും ഈ മേഖലയിൽ പതിവായി സമ്പർക്കം പുലർത്താനും അവർ സമ്മതിച്ചു.

ഈ സന്ദർശന വേളയിൽ നൈജീരിയയിലെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് വിദേശകാര്യ മന്ത്രിയെയും സന്ദർശിച്ചു.

ന്യൂഡൽഹി
മാർച്ച് 05, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.